“1951-ലെ സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് റോഡ്:”
“പീപ്പിൾസ് ഡെമോക്രസിയുടെ ഒരു പരിപാടി”

*-വിജയ് സിംഗ്*

രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ടത്തിൽ നിരവധി കമ്മ്യൂണിസ്റ്റ് പാർട്ടികൾ അവരുടെ പാർട്ടി പരിപാടികൾ തയ്യാറാക്കുന്നതിനുള്ള സഹായത്തിനായി CPSU (b) യോട് അഭ്യർത്ഥിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഗ്രേറ്റ് ബ്രിട്ടനും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയും ഈ കൂടിയാലോചനകളിൽ നിന്ന് പ്രയോജനം നേടിയ രണ്ട് പാർട്ടികളായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്തോനേഷ്യയുടെ പരിപാടിയുടെ ഡ്രാഫ്റ്റിംഗിൽ സഹായിക്കുന്നതിൽ സ്റ്റാലിനും ലിയു ഷാവോ-ചിയും സംയുക്തമായി സഹകരിച്ചു. അധികാരത്തിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ഐക്യമുന്നണിയുടെ ഭാഗമായി CPSU (b), സെൻട്രൽ, തെക്ക്-കിഴക്കൻ യൂറോപ്പിലെയും പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയിലെയും പീപ്പിൾസ് ഡെമോക്രസികളിലെ ജനാധിപത്യത്തിലേക്കും സോഷ്യലിസത്തിലേക്കുമുള്ള മുന്നേറ്റത്തെക്കുറിച്ച് ഉപദേശം നൽകി. പുതിയ ജനാധിപത്യ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വത്തിൽ ദേശീയതയ്ക്കും അവസരവാദത്തിനുമെതിരായ പോരാട്ടങ്ങളിൽ CPSU (b) യുടെ വിശദമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും സോവിയറ്റ് യൂണിയന്റെ പതനത്തിനു ശേഷം പുറത്തുവന്ന സമകാലിക രേഖകളിൽ നിന്നും വസ്തുക്കളിൽ നിന്നും വ്യക്തമാണ്. ലോകമെമ്പാടുമുള്ള ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും മുന്നേറ്റത്തിലേക്കുള്ള ഒരു ഏകീകൃത സമീപനത്തെ ഈ വസ്തുതകളുടെ മുഴുവൻ പൂർണ്ണവ്യാപ്തി വെളിപ്പെടുത്തുന്നു.

സോവിയറ്റ് റിവിഷനിസത്തിനെതിരായ അൽബേനിയയുടെ തർക്കങ്ങൾക്കിടയിൽ 1963-ൽ ക്രൂഷ്ചേവും അൽബേനിയൻ കമ്മ്യൂണിസ്റ്റുകളും തമ്മിലുള്ള വിവാദപരമായ സവാദം സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് റോഡ് തയ്യാറാക്കുന്നതിൽ സ്റ്റാലിന്റെ സംഭാവനയെക്കുറിച്ചായിരുന്നു... എന്നിരുന്നാലും, തെളിവിന്റെ അഭാവത്തിലും പ്രസക്തമായ ഡോക്യുമെന്റേഷനിൽ- രേഖതയ്യാറാക്കലിൽ സ്റ്റാലിന്റെ സംഭാവനയുടെ സ്വഭാവവും പ്രാധാന്യവും എല്ലായ്പ്പോഴും സുതാര്യമായി കാണാൻ കഴിഞ്ഞിരുന്നില്ല. സോഷ്യലിസത്തിലേക്കുള്ള 'സമാധാനപരവും' 'പാർലമെന്ററി പാതയും ക്രൂഷ്ചേവിന്റെയും സിപിഎസ്‌യുവിന്റെയും ഇരുപതാം കോൺഗ്രസിന്റെയും വ്യാഖ്യാനം ഈ വിഷയങ്ങളിൽ ലെനിന്റെയും സ്റ്റാലിന്റെയും അറിയപ്പെടുന്ന വീക്ഷണങ്ങളുമായി

പൊരുത്തപ്പെടുന്നില്ലെന്ന് അനുമാനിക്കാൻ വ്യക്തമായ കാരണങ്ങളുണ്ടായിരുന്നു.

2

അതുപോലെ തന്നെ സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് പാതയെക്കുറിച്ചുള്ള ആദ്യകാല ബ്രിട്ടീഷ് വിമർശനങ്ങൾ നിരവധി ചോദ്യങ്ങൾ കണക്കിലെടുത്തിട്ടില്ലെന്ന് വ്യക്തമാണ്.
1951 ജനുവരിയിൽ സിപിജിബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചതിന് ശേഷം ബ്രിട്ടീഷ് റോഡ് ടു സോഷ്യലിസം പ്രസിദ്ധീകരിച്ചു, അടുത്ത വർഷം ഏപ്രിലിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ XXII നാഷണൽ കോൺഗ്രസിൽ ഇത് അംഗീകരിച്ചതിന് ശേഷം പുതിയതും പരിഷ്കരിച്ചതുമായ പതിപ്പ് പുറത്തിറങ്ങി.

1935 ഫെബ്രുവരിയിൽ നടന്ന XIII കോൺഗ്രസിൽ CPGB അംഗീകരിച്ച മുൻകാല 'സോവിയറ്റ് ബ്രിട്ടനു വേണ്ടി...' എന്ന പരിപാടിക്ക് പകരം പുതിയ പരിപാടി നിലവിൽ വന്നു. തൊഴിലാളി കൗൺസിലുകൾ, പാർലമെന്റ്ഉപയോഗിച്ചുള്ള  സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിൽ കമ്മ്യൂണിസ്റ്റ്, ലേബർ പാർട്ടികളുമായുള്ള  ബന്ധം, തൊഴിലാളിവർഗത്തിന്റെ സ്വേച്ഛാധിപത്യം, ബ്രിട്ടീഷ് സാമ്രാജ്യത്തോട് സ്വീകരിക്കേണ്ട മനോഭാവം എന്നിവയിലെ പ്രധാന ചോദ്യങ്ങളെക്കുറിച്ചുള്ള രണ്ടു പരിപാടികളുടെയും താരതമ്യം, മാറ്റങ്ങളെ സൂചിപ്പിക്കുന്നു. അന്താരാഷ്ട്ര കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും സിപിജിബിയെയും കുറിച്ചുള്ള ധാരണയിൽ മാറ്റം സംഭവിച്ചു എന്ന്അത് കാണിക്കുന്നു.

1935-ലെ CPGB പ്രോഗ്രാം, മുതലാളിത്ത വർഗ്ഗം പാർലമെന്റിന്റിനെ തുടർച്ചയായ നിയമങ്ങളാൽ തട്ടിയെടുക്കാൻ അനുവദിക്കില്ല എന്നതിനാൽ, ലേബർ പാർട്ടി നിർദ്ദേശിച്ച പ്രകാരം ഹൗസ് ഓഫ് കോമൺസിലെ ഭൂരിപക്ഷ തിരഞ്ഞെടുപ്പിലൂടെ മുതലാളിത്തം അവസാനിപ്പിക്കാനും സോഷ്യലിസം സ്ഥാപിക്കാനുമുള്ള സാധ്യത നിരസിച്ചു. സോഷ്യലിസത്തിലേക്ക് 'സമാധാനപരവും ക്രമാനുഗതവുമായ' വഴികളൊന്നുമില്ലെന്ന വസ്തുത യൂറോപ്പിലെ ഫാസിസത്തിന്റെ  അധികാര ഉയർച്ചയിലൂടെ വെളിപ്പെട്ടു, അത് മുതലാളിമാർ തന്നെ തങ്ങളുടെ അധികാരവും ലാഭവും നിലനിർത്താൻ എല്ലാത്തരം ജനാധിപത്യത്തെയും മറികടന്നുവെന്ന് കാണിക്കുന്നു. ജർമ്മൻ സോഷ്യൽ ഡെമോക്രാറ്റുകൾ ഫാസിസത്തിനെതിരായ യുണൈറ്റഡ് ഫ്രണ്ടിനെ നിരസിക്കുകയും ജർമ്മനിയിൽ ഫാസിസത്തിന്റെ  വിജയത്തിന് വഴിതുറക്കുകയും ചെയ്തതുപോലെ, ബ്രിട്ടനിലെ ലേബർ പാർട്ടി ഫാസിസത്തിനും യുദ്ധത്തിനുമെതിരായ യോജിച്ച പ്രവർത്തനം തൊഴിലാളികൾക്കിടയിൽ വളർത്തിയെടുത്തില്ല.

വേതനം വെട്ടിക്കുറയ്ക്കൽ, ഉയർന്ന വാടക, വേഗത്തിലുള്ള വ്യതിയാനം, മൊത്തവ്യാപാരത്തിലെ പിരിച്ചുവിടൽ, ഫാസിസത്തിനെതിരായ പോരാട്ടം, കൊളോണിയൽ വിമോചനം എന്നിവയ്ക്കെതിരായ പ്രാഥമിക ആവശ്യങ്ങൾക്ക് ചുറ്റും തൊഴിലാളിവർഗത്തിന്റെ ഐക്യമുന്നണി സ്ഥാപിക്കുന്നതിലൂടെയുള്ള ഒരു തൊഴിലാളി വിപ്ലവത്തിലൂടെ അധികാരം നേടുക എന്നതാണ് ഏക മാർഗം. . ആഭ്യന്തരയുദ്ധം മുതലാളിമാർ തൊഴിലാളിവർഗത്തിന്റെ മേൽ അടിച്ചേല്പ്പിച്ചതാണ് അതായത് മുതലാളിത്തത്തെ അട്ടിമറിക്കൽ ശക്തമായ ഒരു വിപ്ലവം ബലം പ്രയോഗിച്ചുകൊണ്ടുള്ളതായിരിക്കും



തൊഴിലാളികളുടെ അധികാരം കീഴടക്കാൻ സായുധ സേനയിലെ പുരുഷന്മാർ സഹായിക്കുന്നു, അവർ യൂണിഫോമിലുള്ള തൊഴിലാളികൾ മാത്രമായിരുന്നു. കാബിനറ്റ്, സിവിൽ സർവീസ്, മിലിട്ടറി, ജുഡീഷ്യറി, പോലീസ് എന്നിവ ഉൾപ്പെടുന്ന മൂലധന ഭരണ സംവിധാനം ഗവൺമെന്റ് മെഷിനറിയുടെ ഒരു ഭാഗം മാത്രമായതിനാൽ മുതലാളിത്തത്തെ അട്ടിമറിച്ചതിനുശേഷം പാർലമെന്ററി സംവിധാനം തൊഴിലാളികളുടെ സ്വേച്ഛാധിപത്യത്തെ സേവിക്കുന്നതിനുള്ള സാധ്യത CPGB നിരസിച്ചു..

തൊഴിലാളികളുടെ സ്വേച്ഛാധിപത്യത്തിന്റെ അവസ്ഥയിൽ, വർക്കേഴ്സ് കൗൺസിലുകളിലൂടെ, ഗവൺമെന്റിന്റെ മുതലാളിത്ത യന്ത്രം തകർക്കപ്പെടുകയും പകരം വേറൊന്നു സ്ഥാപിക്കുകയും ചെയ്യുന്നു. അധികാരമേറ്റതിനുശേഷം, തൊഴിലാളികളുടെ കൗൺസിലുകൾ, ബ്രിട്ടീഷ് സാമ്രാജ്യത്തിലെ എല്ലാ രാജ്യങ്ങൾക്കും സ്വയം നിർണ്ണയാവകാശം പൂർത്തിയാക്കാനുള്ള അവകാശം ഉടനടി പ്രഖ്യാപിക്കും. എല്ലാ ബ്രിട്ടീഷ് സായുധ സേനകളെയും പോലീസിനെയും കോളനികളിൽ നിന്ന് പിൻവലിക്കുകയും ബ്രിട്ടീഷ് സാമ്രാജ്യത്വ ധനകാര്യത്തിന്റെ എല്ലാ അവകാശവാദങ്ങളും റദ്ദാക്കുകയും ചെയ്യും. സാമ്രാജ്യത്വത്തിന്റെ ഭാരത്തിൽ നിന്ന് മുക്തരായ വ്യാവസായികമായി വികസിക്കാത്ത രാജ്യങ്ങൾക്ക് സ്വന്തം വ്യവസായം കെട്ടിപ്പടുക്കാൻ ആവശ്യമായ വ്യാവസായി ഉപകരണങ്ങൾക്കായി അവരുടെ ഉൽപ്പന്നങ്ങൾ അവർക്കുകൈമാറുന്ന അവസ്ഥയിലാകും.

ഈ പരിപാടി ആ കാലഘട്ടത്തിലെ ബോൾഷെവിസത്തിന്റേയും കോമിന്റേണിന്റേയും പാരമ്പര്യങ്ങളുമായി പൊരുത്തപ്പെട്ടു എന്ന് വ്യക്തമാണ്. ജർമ്മനിയിൽ നാസിസം അധികാരത്തിൽ വന്നതോടെ, സ്പാനിഷ് ആഭ്യന്തരയുദ്ധം, ചൈനയിലെ ജാപ്പനീസ് അധിനിവേശം,എന്നീ സംഭവ ങ്ങൾക്കു ശേഷം CPSU (b) ഉം കോമിന്റേണും അവരുടെ

പ്രവർത്തനങ്ങളെ പുനഃക്രമീകരിച്ചു, ജനാധിപത്യ, സോഷ്യലിസ്റ്റ് പ്രസ്ഥാനത്തെ ജർമ്മനി, ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങൾ പ്രതിനിധീകരിക്കുന്ന ഫാസിസത്തിനും യുദ്ധവിപത്തിനും എതിരായ തൊഴിലാളിവർഗ, ജനകീയ മുന്നണികൾ രൂപീകരിച്ച് പ്രതിലോമപരമായ ആക്രമണത്തിൽ നിന്ന് പ്രതിരോധിക്കാൻ തീരുമാനമെടുത്തു..ഇക്കാരണത്താൽ, ആ ബ്രിട്ടീഷ് പാർട്ടി പരിപാടി പെട്ടെന്ന് കാലഹരണപ്പെടുകയാണുണ്ടായത്.

1951-ൽ അംഗീകരിച്ച പുതിയ പാർട്ടി പരിപാടി, സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് റോഡ്, ലോകതലത്തിൽ ശക്തികളുടെ പുതിയ പരസ്പരബന്ധം, കോമിന്റേണിന്റെ ഏഴാം കോൺഗ്രസിന് ശേഷം നേടിയ അനുഭവങ്ങൾ, പ്രത്യേകിച്ച് ന്യൂ ഡെമോക്രസികളുടെ സ്ഥാപനം, മധ്യ, തെക്ക്-കിഴക്കൻ യൂറോപ്പിലെ പീപ്പിൾസ് ഡെമോക്രസികളും ചൈനീസ് വിപ്ലവവും എന്നിവയെ കണക്കിലെടുത്തു.പുതിയ പാർട്ടി പരിപാടി സോവിയറ്റ് സോഷ്യലിസ്റ്റ് ബ്രിട്ടൻ സ്ഥാപിക്കുക എന്നതല്ല, ബ്രിട്ടനിൽ പീപ്പിൾസ് ഡെമോക്രസി സ്ഥാപിക്കുക എന്നതായിമാറി. പരിപാടിയുടെ ഉപതലക്കെട്ടുകളിലൊന്ന് ഇങ്ങനെ പറയുന്നു: ‘പീപ്പിൾസ് ഡെമോക്രസി(ജനകീയ ജനാധിപത്യം) – സോഷ്യലിസത്തിലേക്കുള്ള - പാത’ ആണ്.



അത് സോഷ്യലിസത്തിലേക്കുള്ള വഴിയായാകുന്നു., അതിനാൽ വർക്കേഴ്സ് കൗൺസിലുകളെ അടിസ്ഥാനമാക്കി സോഷ്യലിസം ഉടനടി സ്ഥാപിക്കുക, തൊഴിലാളിവർഗത്തിന്റെ സ്വേച്ഛാധിപത്യം ഉടനടി സ്ഥാപിക്കുക, പാർലമെന്ററിനെയും സിവിൽ സർവീസ്, പോലീസ്, സൈന്യം, ജുഡീഷ്യറി എന്നിവയും ബാക്കിയുള്ള ബൂർഷ്വാ ഭരണകൂട ഉപകരണവും തകർക്കുക എന്ന കാര്യങ്ങൾ പുതിയ പരിപാടി വിഭാവനം ചെയ്തില്ല. സെൻട്രൽ, തെക്ക്-കിഴക്കൻ യൂറോപ്പിലെ പീപ്പിൾസ് ഡെമോക്രസികളുടെ(ജനകീയ ജനാധിപത്യ ഭരണകൂടങ്ങളുടെ അനുഭവങ്ങൾ വെച്ചുകൊണ്ട് ബ്രിട്ടീഷ് റോഡ് പാർലമെന്റിനെ വിനിയോഗിക്കാനും തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ വിവിധ വിഭാഗങ്ങളെ അടിസ്ഥാനമാക്കി ഒരു ജനകീയ സർക്കാർ രൂപീകരിക്കാനും വേണ്ടിയുള്ള പരിപാടി വിഭാവനം ചെയ്തു: തൊഴിലാളി, ട്രേഡ് യൂണിയൻ, സഹകരണപ്രസ്ഥാനം,പാർലമെന്ററി ഭൂരിപക്ഷത്തെ അടിസ്ഥാനമാക്കിയുള്ള കമ്മ്യൂണിസ്റ്റു നേതൃത്വം എന്നിവയെ അടിസ്ഥാനപ്പെടുത്തിയ ഐക്യമായിരുന്നു വിഭാവനം ചെയ്തത്.സാമ്പത്തിക മേഖലയിൽ സോഷ്യലിസത്തിലേക്കുള്ള പാത സോഷ്യലിസ്റ്റ് ദേശസാൽക്കരണവും കുത്തക മൂലധനത്തിന്റെയും വൻകിട ഭൂവുടമകളുടെയും തൊഴിലാളികളുടെയും നിയന്ത്രണവും വിഭാവനം ചെയ്തു, എന്നാൽ ഗ്രാമപ്രദേശങ്ങളിലെ ചെറുകിട

കടയുടമകളുടെയും വ്യാപാരികളുടെയും ചെറുകിട ഭൂവുടമകളുടെയും കർഷകരുടെയും സ്വത്തുക്കളതിലുൾപ്പടുെത്തിയില്ല... ബ്രിട്ടീഷ് സാമ്രാജ്യത്വം വിവിധ കോളനി മേഖലൾക്ക് ദേശീയ സ്വാതന്ത്ര്യം നൽകിക്കൊണ്ട്, സോവിയറ്റ് യൂണിയന്റെ ഉദാഹരണത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ശക്തവും സ്വതന്ത്രവും തുല്യതയുള്ളതുമായ ജനങ്ങളുടെ ഒരു കൂട്ടായ്മ ആയി രൂപാന്തരപ്പെടണമെന്ന വീക്ഷണം കൈക്കൊണ്ടു.

1951, 1952 പതിപ്പുകളിൽ സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് റോഡ് സോഷ്യലിസത്തിലേക്കുള്ള സമാധാനപരമായ പരിവർത്തനത്തെ പരാമർശിക്കുന്നില്ല. നേരെമറിച്ച്, പ്രോഗ്രാം വീക്ഷിക്കുന്നത്: ജനങ്ങളുടെ ജനാധിപത്യ ഹിതം നടപ്പിലാക്കുന്നതിനുള്ള നിർണായക നടപടികളിലൂടെ, ജനകീയ സർക്കാരിനെയും പാർലമെന്റിനേയും ധിക്കരിക്കാനുള്ള മുതലാളിത്ത വർഗ്ഗത്തിന്റെ എല്ലാ ശ്രമങ്ങളും ചെറുക്കപ്പെടുകയും പരാജയപ്പെടുകയും ചെയ്യും എന്നുതന്നെയാണ്. ജനകീയ ഗവൺമെന്റിനെ ജനാധിപത്യപരമായി അധികാരത്തിലേറ്റിയ, ഫാക്ടറികളിൽ അടിയുറച്ച്, തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിലുള്ള മഹത്തായ വിശാല ജനകീയ സഖ്യത്തിന്, മുതലാളിത്ത പോരാളികളുടെയും അവരുടെ ഏജന്റുമാരുടെയും ആക്രമണങ്ങളെ നേരിടാനുള്ള കരുത്തുണ്ടാകുന്ന സാഹചര്യം സൃഷ്ടിക്കുക എന്നത് അങ്ങനെ
സാദ്ധ്യമാകു എന്ന് ആ പരിപാടിയിൽ പറയുന്നു.



പാർലമെന്റ് തീരുമാനിക്കുന്ന പരിപാടി പ്രായോഗികമായി നടപ്പിലാക്കുകയും, അതിനെ ചെറുക്കാനോ അട്ടിമറിക്കാനോ ഉള്ള ശ്രമങ്ങൾ പരാജയപ്പെടുത്തുകയും, തൊഴിലാളിവർഗത്തിന്റെ ശത്രുക്കളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ സംഘടിത തൊഴിലാളികളുടെ ശക്തിയെ സർക്കാർ ആശ്രയിക്കും.

വൻകിട മുതലാളിമാർ തങ്ങളുടെ സ്വത്തുക്കളും വലിയ ലാഭവും ബ്രിട്ടീഷ് ജനതയുടെ താൽപ്പര്യങ്ങൾക്കായി സ്വമേധയാ ഉപേക്ഷിക്കുമെന്ന് വിശ്വസിക്കുന്നത് തെറ്റാണ്. ജനകീയ ഗവൺമെന്റിന്റെ തീരുമാനങ്ങൾക്കെതിരെ അവർ സജീവമായ ചെറുത്തുനിൽപ്പ് നടത്തുമെന്ന് പ്രതീക്ഷിക്കുന്നതും, ബലപ്രയോഗം ഉൾപ്പെടെ എല്ലാ വിധത്തിലുമുള്ള ശ്രമങ്ങളും തങ്ങളുടെ അധികാരത്തിൽ തങ്ങളുടെ പദവികൾ നിലനിർത്തുന്നതിന് വേണ്ടി ഉപയോഗിച്ചുകൊണ്ട് പോരാടുമെന്നുമുള്ളത് വളരെയധികം യാഥാർത്ഥ്യമായകാര്യമാണ്.

അതുകൊണ്ട് ബ്രിട്ടീഷ് ജനതയും പീപ്പിൾസ് ഗവൺമെന്റും അത്തരം ശ്രമങ്ങളെ ചെറുക്കാൻ നിർണ്ണായകമായി തയ്യാറാകണം.
സംഘടിത തൊഴിലാളിവർഗ്ഗം മുതലാളിമാരുടെ ചെറുത്തുനിൽപ്പിനെ ചെറുക്കാനും പരാജയപ്പെടുത്താനുമുള്ള രീതികൾ ഇവിടെ വിശദീകരിച്ചിട്ടില്ല, എന്നാൽ റഷ്യൻ വിപ്ലവത്തിൽ ബോൾഷെവിക്കുകളും വിപ്ലവ പ്രക്രിയയിൽ കമ്മ്യൂണിസ്റ്റ്, തൊഴിലാളി പാർട്ടികളും സ്വീകരിച്ച രീതികൾ ന്യായമായും സന്ദർഭോചിതമായി ഇത്തരുണത്തിൽ  അനുമാനിക്കാം. കിഴക്കൻ, തെക്ക്-കിഴക്കൻ യൂറോപ്പിലെ പീപ്പിൾസ് ഡെമോക്രസികളും ഗ്രീസിലെ ദേശീയ വിമോചനയുദ്ധവും സിപിജിബിക്ക് അജ്ഞാതമായിരുന്നു എന്നു കരുതാൻ കഴിയില്ല.

സോഷ്യലിസത്തിലേക്കു് നേരിട്ട് ഒരു പാർലമെന്ററി രീതിയിലുള്ള അല്ലെങ്കിൽ ഭരണഘടനാപരമായ മാറ്റത്തിന്റെ പാത- പ്രോഗ്രാം നിർദ്ദേശിച്ചിട്ടില്ല. 1951-ൽ സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് പാതയിലെ പുതിയ ഘടകം, ജനകീയ ജനാധിപത്യത്തിലേക്കുള്ള പരിവർത്തനത്തിൽ പാർലമെന്റിനെ വിനിയോഗിക്കുക എന്ന ആശയം ആദ്യമായി ഒരു ബ്രിട്ടീഷ് പാർട്ടി പരിപാടിയിൽ അവതരിപ്പിച്ചു എന്നതാണ് പ്രത്യേകത.
1920-ൽ കോമിന്റേണിന്റെ രണ്ടാം കോൺഗ്രസ് അംഗീകരിച്ച 'കമ്മ്യൂണിസ്റ്റ് പാർട്ടിയും പാർലമെന്റും' എന്ന തീസിസുകൾ, വികസിച്ചുവന്ന മുതലാളിത്ത വ്യവസ്ഥയുടെ ഉപകരണമെന്ന നിലയിൽ പാർലമെന്റ്  ഒരു പ്രത്യേക പുരോഗമനപരമായ പങ്ക് ഒരു കാലത്ത് വഹിച്ചിരുന്നുവെന്നും എന്നാൽ സാമ്രാജ്യത്വ കാലഘട്ടത്തിൽ ആഭ്യന്തരയുദ്ധം ഉണ്ടായിട്ടുണ്ടെന്നും സൂചിപ്പിച്ചിരുന്നു. അന്ന് തൊഴിലാളിവർഗത്തിന് സ്വന്തം അധികാരം സ്ഥാപിക്കേണ്ട ചുമതല, ഭരണവർഗങ്ങളുടെ കൈകളിൽ നിന്ന് പാർലമെന്ററി ഉപകരണം പിടിച്ചെടുക്കുകയും അതിനെ നശിപ്പിക്കുകയും തൊഴിലാളിവർഗ്ഗ ശക്തിയുടെ പുതിയ അവയവോപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു.



തൊഴിലാളിവർഗത്തിന്റെ സ്വേച്ഛാധിപത്യത്തിലേക്കുള്ള പരിവർത്തനത്തിൽ തൊഴിലാളിവർഗ രാഷ്ട്രത്തിന്റെ ഒരു രൂപമായി അല്ലെങ്കിൽ ഭാവി സമൂഹത്തിന്റെ  സർക്കാർ രൂപമായി പ്രവർത്തിക്കാൻ പാർലമെന്റിന് കഴിയില്ല. ഭാവിയിലെപുതിയ സംവിധാനത്തിനുവേണ്ടി പഴയതിനെ നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മാത്രമേ ഇതിനെ ഉപയോഗിക്കാൻ കഴിയൂ.

പോപ്പുലർ ഫ്രണ്ടുകളുടെയും ന്യൂ ഡെമോക്രസിയുടെയും പീപ്പിൾസ് ഡെമോക്രസിയുടെയും കാലഘട്ടത്തിൽ കാഴ്ചപ്പാടുകൾ സമൂലമായി മാറി: വിപ്ലവ പ്രക്രിയയിൽ പാർലമെന്റിനെ ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ ഇപ്പോൾ സജീവമായി പരിഗണിക്കപ്പെട്ടു. സ്പെയിനിലെയും ചൈനയിലെയും ദേശീയ വിമോചന യുദ്ധങ്ങളുടെ ഗതിയിലായിരുന്നു ഇതിന്റെ രണ്ട് പ്രാരംഭമായ പ്രധാന ഉദാഹരണങ്ങൾ ഉണ്ടായത്. 1936 ഡിസംബറിൽ വോറോഷിലോവ്, മൊളോടോവ്, സ്റ്റാലിൻ എന്നിവ ർ ലാർഗോ കബല്ലെറോയ്ക്ക് എഴുതിയ കത്തിൽ ഇനിപ്പറയുന്ന രീതിയിലുള്ള വാദമുന്നയിച്ചു:

"റഷ്യ പിന്തുടർന്ന പാതയിനിന്ന് പല വീക്ഷണകോണുകളിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സ്പാനിഷ് വിപ്ലവം അതിന്റെ ഗതി ആസൂത്രണം ചെയ്യുന്നു. സാമൂഹികവും ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ സാഹചര്യങ്ങളിലെ വ്യത്യാസവും അന്താരാഷ്ട്ര സാഹചര്യത്തിന്റെ ആവശ്യകതകളും അനുസരിച്ചാണ് ഇത് നിർണ്ണയിക്കപ്പെടുന്നത്., ഈ സാഹചര്യം റഷ്യൻ വിപ്ലവം നേരിടേണ്ടി വന്നതിൽ നിന്ന് വ്യത്യസ്തമാണ്. റഷ്യയേക്കാൾ വിപ്ലവകരമായ വികസനത്തിന് 'സ്പെയിനിൽ പാർലമെന്ററി മാർഗം കൂടുതൽ കാര്യക്ഷമമായ മാർഗമായി മാറാൻ വളരെ സാധ്യതയുണ്ട്.' പക്ഷേ, അതുപറയുമ്പോൾ തന്നെ വിപ്ലവ സമരത്തിന്റെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി പ്രയോഗിച്ച ഞങ്ങളുടെ അനുഭവം, പ്രത്യേകിച്ച് ആഭ്യന്തരയുദ്ധത്തിന്റെ അനുഭവംപരിഗണിക്കുന്നതിൽ സ്പെയിനിന്റെ വിഷയത്തിലും ഒരു നിശ്ചിത പ്രാധാന്യമുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

മാവോയും ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും ചേർന്ന് ചൈനീസ് സോവിയറ്റ് റിപ്പബ്ലിക്കിനെ വിപുലീകരിക്കാനുള്ള കാഴ്ചപ്പാട് ഉപേക്ഷിച്ച്, ജാപ്പനീസ് സാമ്രാജ്യത്വത്തിന്റെ അധിനിവേശത്തിനെതിരായ ഐക്യ ദേശീയ മുന്നണിയുടെ താൽപ്പര്യാർത്ഥം ചൈനയിൽ സ്വീകരിച്ച സമാനമായ ഒരു നിലപാട് ഇപ്പോൾ 1938 ഫെബ്രുവരിയിൽ ഒരു ജനാധിപത്യ സ്ഥാപനത്തിനവുമായി ബന്ധപ്പെട്ട് പുറത്തുവന്നു. ചൈനയിലെ റിപ്പബ്ളിക്കിൽ,

"കമ്മ്യൂണിസ്റ്റ് പാർട്ടി കൂപീകരിക്കാനുദ്ദേശിക്കുന്ന ജനാധിപത്യ റിപ്പബ്ലിക്കിൽ, കൊളോണിയൽ അടിമകളാകാൻ വിസമ്മതിക്കുന്ന നമ്മുടെ ജനങ്ങളുടെ പാർലമെന്റ് തിരഞ്ഞെടുക്കപ്പെടും. യാതൊരു നിയന്ത്രണവുമില്ലാതെ സാർവത്രിക വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. നമ്മുടേത് ഒരു ജനാധിപത്യ രാഷ്ട്രമായിരിക്കും. വിശാലമായ രൂപരേഖയിൽ, സൺ യാറ്റ്-സെൻ വളരെക്കാലം മുമ്പ് ആരുടെ സ്ഥാപനം വേണമെന്ന് നിർബന്ധിച്ചോ ആ

സർക്കാരായിരിക്കും അത്. ഈ വഴികളിലൂടെയാണ് ചൈനീസ് രാഷ്ട്രം വികസിപ്പിക്കേണ്ടത്."

7

'മാവോയും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ചൈനയിലെ മറ്റ് ആറ് മുൻനിര അംഗങ്ങളും, ജപ്പാനെതിരായ സംയുക്ത പോരാട്ടത്തിന്റെ താൽപ്പര്യാർത്ഥം, തിരഞ്ഞെടുക്കപ്പെട്ട ഒരു ബോഡി ആയിരുന്നില്ലെങ്കിലും, ചൈനയുടെ ഗവൺമെന്റായ നാഷണൽ പൊളിറ്റിക്കൽ കൗൺസിലിൽ അംഗമായി.

കൗൺസിലിലെ കമ്മ്യൂണിസ്റ്റ് അംഗങ്ങൾ കൗൺസിലിലെ അംഗങ്ങളെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നില്ല എന്നതിന്റെ പേരിൽ തങ്ങളുടെ ഉത്തരവാദിത്വം തള്ളിക്കളയുന്നില്ല. കൗൺസിലിലെ അംഗങ്ങൾ ജനങ്ങളുടെ സേവകരാണെന്ന് ഞങ്ങൾ ആഴത്തിൽ മനസ്സിലാക്കുന്നു, അതിനാൽ ചൈനയിലെ ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും ആവശ്യങ്ങളും സാക്ഷാത്കരിക്കാൻ ഞങ്ങൾ ദൃഢനിശ്ചയത്തോടെ ശ്രമിക്കും. ദേശീയ ഐക്യം ശക്തിപ്പെടുത്തണമെന്നും ജപ്പാനിലെ ആക്രമണകാരികളെ ചൈനയിൽ നിന്ന് തുരത്തണമെന്നുമാണ് ജനങ്ങളുടെ ഏകകണ്ഠമായ ആവശ്യം. നമ്മൾ എന്തെങ്കിലും തെറ്റുകൾ ചെയ്താൽ സഹപ്രവർത്തകർ ഞങ്ങളെ സഹായിക്കുമെന്നും വിമർശിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. കൗൺസിലിലെ എല്ലാ അംഗങ്ങളും ഞങ്ങളുടെ ജനങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.'

ഒരു സെമി-പാർലമെന്ററി സ്ഥാപനത്തിലെ പങ്കാളിത്തവും ചിയാങ് കൈ-ഷെക്കിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിൽ ചേരുന്നതും വിപ്ലവ പ്രക്രിയയുടെ സമയത്ത് പാർലമെന്റിനെ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചുമുള്ള മാറിയ ധാരണയുടെ മറ്റൊരു ഉദാഹരണമാണ് ഇത്.

തുടർന്ന്, ബാൾട്ടിക് രാജ്യങ്ങളായ ലാത്വിയ, ലിത്വാനിയ, എസ്തോണിയ എന്നിവയുടെ പാർലമെന്റുകൾ ആക്രമണാത്മകവും വിപുലീകരണാത്മകവുമായ നാസി സാമ്രാജ്യത്വത്തിന്റെ ഭീഷണി നേരിട്ടപ്പോൾ 1940-ൽ സോവിയറ്റ് യൂണിയനിൽ ചേരാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പ്രമേയങ്ങൾ പാസാക്കി. 1943-44 കാലഘട്ടത്തിൽ പോളണ്ടിലെ ഒളിവിലുണ്ടായിരുന്ന പാർലമെന്റായ ക്രാജോവ റഡ നാരദോവയുടെ രൂപീകരണം ഉണ്ടായി., അത് പോളിഷ് ജനതയുടെ സായുധ പോരാട്ടത്തിന് നേതൃത്വം നൽകാൻ ശ്രമിച്ചു.

യുദ്ധാനന്തര കാലഘട്ടത്തിൽ, ചെക്കോസ്ലോവാക്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള തൊഴിലാളിവർഗ്ഗ ശക്തികൾക്ക് 1948-ൽ അധികാരം പിടിച്ചെടുക്കാൻ കഴിഞ്ഞു, അത് പാർലമെന്റിനുള്ളിൽ പാർട്ടി വഹിച്ചിരുന്ന ശക്തമായ നിലപാടുകളാൽ സുഗമമായി. കിഴക്കൻ യൂറോപ്പിൽ രാഷ്ട്രീയ ജീവിതം ജനാധിപത്യവൽക്കരിക്കുകയും നാസികൾ കൊണ്ടുവന്ന ജുഡീഷ്യൽ, സ്റ്റേറ്റ് സ്ഥാപനങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തു. ഈ രാജ്യങ്ങൾ ജനാധിപത്യ വിപ്ലവത്തിൽ നിന്ന് സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് നീങ്ങുമ്പോൾ, രാഷ്ട്രീയ പ്രകടനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ ബലമായി പിടിച്ചെടുക്കൽ, എന്നിവയിലൂടെ  ബൂർഷ്വാസിയുടെ സൈനിക ഡിറ്റാച്ച്മെന്റുകൾക്കെതിരെ  സായുധ അടിച്ചമർത്തൽ എന്നിവ ഉൾപ്പെടെ നടപ്പാക്കി  ബൂർഷ്വാസിയെ പരാജയപ്പെടുത്താൻ,വളരെ വൈവിധ്യമാർന്ന മാർഗങ്ങൾ ഉപയോഗിച്ചു.



ബൂർഷ്വാ ജനാധിപത്യഭരണകൂട അവയവങ്ങൾ ഉൾപ്പെടെ പഴയ ബൂർഷ്വാ ഭരണകൂട ഉപകരണം പടിപടിയായി തകർത്തു, പകരം ഒരു പുതിയ ജനകീയ ജനാധിപത്യ ഭരണകൂട ഉപകരണം സ്ഥാപിച്ചു. ഈ സമരത്തിൽ പാർലമെന്ററി സമര രൂപങ്ങൾ ഉപയോഗിച്ചിരുന്നുവെങ്കിലും അവ കീഴ്വഴക്കമുള്ള സ്വഭാവമുള്ളവയായിരുന്നു, അത് അവയുടെ നേട്ടത്തിനായുള്ള മാർഗങ്ങളേക്കാൾ രാഷ്ട്രീയ മാറ്റങ്ങളെ പ്രതിഫലിപ്പിക്കുന്നു. സോവിയറ്റ് സ്പെഷ്യലിസ്റ്റ് എ.ഐ. സോബോലെവ് 1954-ൽ എഴുതിയത്പോലെ , മധ്യ-തെക്ക്-കിഴക്കൻ യൂറോപ്പിലെ വിവിധ രാജ്യങ്ങളിലെ പീപ്പിൾസ് ഡെമോക്രാറ്റിക് റിപ്പബ്ലിക്കുകളുടെ പാർലമെന്ററി രൂപങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു., അവയെ  തൊഴിലാളിവർഗത്തിന്റെ സ്വേച്ഛാധിപത്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി:

രഹസ്യ ബാലറ്റിലൂടെ സാർവത്രികവും തുല്യവും നേരിട്ടുള്ളതുമായ വോട്ടവകാശത്തിന്റെ  അടിസ്ഥാനത്തിൽ എല്ലാ ജനങ്ങളും തിരഞ്ഞെടുത്ത പാർലമെന്റ് പീപ്പിൾസ് റിപ്പബ്ലിക്കുകളിലെ ഭരണകൂട അധികാരത്തിന്റെ  ഏറ്റവും ഉയർന്ന അവയവമാണ്. ബൾഗേറിയയിലും അൽബേനിയയിലും ഈ അവയവത്തെ ദേശീയ അസംബ്ലി എന്നും ഹംഗറിയിൽ - സ്റ്റേറ്റ് അസംബ്ലി, റുമാനിയയിൽ - ഗ്രാൻഡ് നാഷണൽ അസംബ്ലി, ചെക്കോസ്ലോവാക്യയിൽ - ദേശീയ അസംബ്ലി, പോളണ്ടിൽ - പീപ്പിൾസ് സെജം എന്നും വിളിക്കുന്നു.

തൊഴിലാളിവർഗത്തിന്റെയും  കർഷകരുടെയും ജനാധിപത്യ സ്വേച്ഛാധിപത്യത്തിന്റെ  ഒരു രൂപമായി തിരിച്ചറിയപ്പെട്ട പീപ്പിൾസ് ഡെമോക്രാറ്റിക് സ്റ്റേറ്റുകളുടെ ആദ്യ ഘട്ടം, പീപ്പിൾസ്

ഡെമോക്രസിയുടെ രണ്ടാമത്തെ, സോഷ്യലിസ്റ്റ്, സ്വേച്ഛാധിപത്യത്തിന്റെ പ്രവർത്തനങ്ങൾ നടക്കുന്ന ഘട്ടത്തിലേക്കുള്ള പരിവർത്തനം എന്നിവ തുടർച്ചയായ സമര പ്രക്രിയയിലൂടെ നടന്നു. തൊഴിലാളിവർഗ്ഗം അത് നടപ്പിലാക്കുകയും സോഷ്യലിസ്റ്റ് നിർമ്മാണ പ്രക്രിയ ത്വരിതപ്പെടുത്തുകയും ചെയ്തു.

9

1951-ലെ സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് റോഡ്, പീപ്പിൾസ് ഡെമോക്രസിയുടെ ഒരു പ്രോഗ്രാം എന്ന നിലയിൽ, മംഗോളിയ മുതൽ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക വരെ ലോകമെമ്പാടും ബാധകമാകുന്ന സമൂഹത്തിന്റെ ഒരു പുതിയ രാഷ്ട്രീയ സംഘടനയായി പീപ്പിൾസ് ഡെമോക്രസിയെ മനസ്സിലാക്കുന്നതിൽ നിന്ന് വ്യത്യസ്ഥമായി പ്രത്യേകതയുള്ളതായി കണക്കാക്കാനാവില്ല.. മധ്യ, തെക്ക്-കിഴക്കൻ യൂറോപ്പിലെയും ഏഷ്യയിലെയും പീപ്പിൾസ് ഡെമോക്രാറ്റിക് സ്റ്റേറ്റുകളുടെ അനുഭവം ഇവിടെ പരമപ്രധാനമായിരുന്നു. ബൂർഷ്വാ ഭരണകൂട ഘടനയുടെ ശിഥിലീകരണ പ്രക്രിയയും തൊഴിലാളിവർഗ്ഗ സ്വേച്ഛാധിപത്യത്തിന്റെ ചുമതലകൾ നിർവഹിക്കുന്നതും നീണ്ടെങ്കിലും തടസ്സമില്ലാത്ത ഒന്നാണെന്ന് ഇതിനുള്ളിൽ മനസ്സിലായി. 1948 ഡിസംബറിൽ ബൾഗേറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഞ്ചാം കോൺഗ്രസിന് നൽകിയ റിപ്പോർട്ടിൽ ദിമിത്രോവ് ഇത് ബൾഗേറിയയുടെ പശ്ചാത്തലത്തിൽ ചിത്രീകരിക്കുന്നു. 1944 സെപ്റ്റംബറിലെ ഫാസിസ്റ്റ് വിരുദ്ധ പ്രക്ഷോഭം ബാൾക്കണിലെ സോവിയറ്റ് സൈന്യത്തിന്റെ മുന്നേറ്റവുമായി ചേർന്ന് ഫാസിസ്റ്റ് ഭരണകൂടത്തെ ഒറ്റയടിക്ക് ഇല്ലാതാക്കി. ബൂർഷ്വാ-ഫാസിസ്റ്റ് പോലീസിനെ 'തകർത്തു' ഒരു ജനകീയ മിലിഷ്യ രൂപീകരിച്ചു. ജർമ്മൻ സാമ്രാജ്യത്വവുമായി സഖ്യത്തിലേർപ്പെട്ടിരുന്ന രാജവാഴ്ചയിൽ നിന്നും ബൂർഷ്വാസിയിൽ നിന്നും രാഷ്ട്രീയ അധികാരം പിടിച്ചെടുത്തു, പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളികളെയും കർഷകരെയും ബുദ്ധിജീവികളെയും ഒന്നിപ്പിച്ച ഫാദർലാൻഡ് ഫ്രണ്ടിലേക്ക് കടന്നു. പഴയ ബൂർഷ്വാ ഭരണകൂട യന്ത്രം 1944 സെപ്റ്റംബറിൽ ഭാഗികമായി തകർന്നു, പിന്നീട് പൂർണ്ണമായും തകർന്നു എന്ന് 1948 ൽ വാദിക്കാൻ ദിമിത്രോവിനെ പ്രാപ്തനായി:

“തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിൽ അധ്വാനിക്കുന്ന ജനങ്ങളുടെ ഭരണം ഉൾക്കൊള്ളുന്ന പീപ്പിൾസ് ഡെമോക്രസി, നിലവിലുള്ള ചരിത്രസാഹചര്യത്തിൽ, ഇതിനകം അനുഭവത്തിലൂടെ തെളിയിക്കപ്പെട്ടതുപോലെ, തൊഴിലാളിവർഗത്തിന്റെ സ്വേച്ഛാധിപത്യത്തിന്റെ ധർമ്മങ്ങൾ വിജയകരമായി നിർവഹിക്കാൻ കഴിയും. മുതലാളിത്ത ഘടകങ്ങളും സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെ സംഘടനയും. അട്ടിമറിക്കപ്പെട്ട മുതലാളിമാരുടെയും ഭൂവുടമകളുടെയും

ചെറുത്തുനിൽപ്പിനെ തകർക്കാനും മൂലധന ഭരണം പുനഃസ്ഥാപിക്കാനുള്ള അവരുടെ ശ്രമങ്ങളെ തകർക്കാനും പൊതു ഉടമസ്ഥതയുടെയും ആസൂത്രിത സമ്പദ്‌വ്യവസ്ഥയുടെയും അടിസ്ഥാനത്തിൽ വ്യവസായത്തിന്റെ  നിർമ്മാണം സംഘടിപ്പിക്കാനും ഇതിന് കഴിയും."

സമാനമായ അനുഭവങ്ങൾ മധ്യ, തെക്ക്-കിഴക്കൻ യൂറോപ്പിലെ മറ്റിടങ്ങളിൽ നിന്ന് ഹിലാരി മിങ്ക്, ബോലെസ്ലാവ് ബിയറൂട്ട്, മത്യാസ് റക്കോസി എന്നിവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കാലഘട്ടത്തിൽ വിശദീകരിക്കപ്പെട്ട പീപ്പിൾസ് ഡെമോക്രസിയെക്കുറിച്ചുള്ള ധാരണ, പീപ്പിൾസ് ഡെമോക്രസിയുടെ പാതയിലൂടെ സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് പാതയുടെ കീഴിൽ തൊഴിലാളിവർഗത്തിന്റെ സ്വേച്ഛാധിപത്യം സ്ഥാപിക്കുന്നതിനുള്ള വിഷയത്തിൽ ബ്രിട്ടന് ഒരു ഇളവും നൽകിയിട്ടില്ല.

## 10

1953 ന് ശേഷം റിവിഷനിസത്തിന്റേയും 'മാർക്കറ്റ് സോഷ്യലിസത്തിന്റേയും  ഉദയത്തോടെ മധ്യ, തെക്ക്-കിഴക്കൻ യൂറോപ്പിൽ ഈ കാഴ്ചപ്പാടിനു വിപരീതമായ കാര്യങ്ങൾ അരേങ്ങറി റിപ്പബ്ലിക് ഓഫ് ചൈനയിൽ 1949 ന് ശേഷം പീപ്പിൾസ് ഡെമോക്രാറ്റിക് സ്റ്റേറ്റ് മധ്യ ബൂർഷ്വാസിയെയും അതിന്റെ രാഷ്ട്രീയ പാർട്ടികളെയും ഭരണകൂട ഘടനയിൽ ഉൾപ്പെടുത്തി. 1950 സെപ്റ്റംബർ 23-ലെ പ്രാവ്ദയുടെ എഡിറ്റോറിയൽ ചൂണ്ടിക്കാണിച്ചു:

"ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക് ഒരു ജനകീയ ജനാധിപത്യ രാഷ്ട്രമാണെന്നും പൊതുവായ ലക്ഷ്യങ്ങൾക്കും ചുമതലകൾക്കും വേണ്ടി മുഴുവൻ ജനാധിപത്യ ഭരണകൂടത്തിനായി പോരാടുന്നുവെന്നതും ശ്രദ്ധിക്കുമ്പോഴും, ചൈനയിലെയും മധ്യ-ദക്ഷിണ രാജ്യങ്ങളിലെയും ജനകീയ ജനാധിപത്യം തമ്മിലുള്ള വ്യത്യാസം കാണാതിരിക്കാനാവില്ല. - കിഴക്കൻ യൂറോപ്പ്. മധ്യ, തെക്ക്-കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ സോഷ്യലിസത്തിന്റെ അടിത്തറ കെട്ടിപ്പടുക്കുന്നതിനുള്ള പോരാട്ടത്തിൽ ജനകീയ ജനാധിപത്യ ഭരണകൂടം തൊഴിലാളിവർഗത്തിന്റെ  സ്വേച്ഛാധിപത്യത്തിന്റെ പ്രവർത്തനങ്ങൾ നിർവഹിക്കുന്നുവെന്ന് അറിയാം.

ഇന്നത്തെ ഘട്ടത്തിൽ, ചൈനയിലെ ജനകീയ ജനാധിപത്യം തൊഴിലാളിവർഗത്തിന്റെ  സ്വേച്ഛാധിപത്യത്തിന്റെ ഒരു രൂപമല്ല. ചൈനയിൽ സോഷ്യലിസ്റ്റ് നിർമ്മാണം ഇതുവരെ ഉടനടി ക്രമത്തിൽ സ്ഥാപിച്ചിട്ടില്ല.

എന്നിരുന്നാലും അറിയപ്പെടുന്നതുപോലെ മധ്യ ബൂർഷ്വാസിയും അതിന്റെ  രാഷ്ട്രീയ പാർട്ടികളും നാഷണൽ പീപ്പിൾസ് കോൺഗ്രസിൽ നിന്നോ ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്കിന്റെ സർക്കാർഘടനയിൽ നിന്നോ ഒരിക്കലും നീക്കം ചെയ്യപ്പെട്ടിട്ടില്ല, അതിനാൽ തൊഴിലാളിവർഗത്തിന്റെ  സ്വേച്ഛാധിപത്യത്തിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ജനങ്ങളുടെ ജനാധിപത്യ സ്വേച്ഛാധിപത്യം ഒരിക്കലും അവിടെ നടപ്പായില്ല.. പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ 1954-ലെയും തുടർന്നുള്ള ഭരണഘടനകളുടെയും സ്വഭാവത്തിൽ നിന്നും വ്യക്തമായി   മനസ്സിലാതക്കുന്നതിതാണ്.. “.
അരനൂറ്റാണ്ടിലേറെയായി പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന ഒരു ജനകീയ ജനാധിപത്യ സ്വേച്ഛാധിപത്യമായി മരവിച്ചുകിടക്കുന്നു, അത് തൊഴിലാളിവർഗത്തിന്റെ സ്വേച്ഛാധിപത്യത്തിന്റെ  പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിലേക്ക് ഒരിക്കലും വികസിച്ചിട്ടില്ല. ഈ മേഖലയിൽ ഒരു പുരോഗതിയും കൈവരിക്കാനാകാത്തപ്പോൾ അതിനു സമാന്തരമായി രാജ്യത്ത് ‘മാർക്കറ്റ് സോഷ്യലിസത്തിന്റെ’ ഉയർച്ചയ്ക്കും വികാസത്തിനും ആ പരാജയം കാരണമായി.

11

സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് പാതയുടെ രൂപംകൊടുക്കുന്നതിലും  ഉള്ളടക്കത്തിലും സ്റ്റാലിൻ നടത്തിയ ഇടപെടലുകൾ, പീപ്പിൾസ് ഡെമോക്രസി എന്ന പരിപാടി രാജ്യത്തെ സോഷ്യലിസത്തിലേക്കുള്ള പാതയായി അദ്ദേഹം കണ്ടുവെന്നും പാർലമെന്റിന്റെ  വിനിയോഗത്തിന് അംഗീകാരം നൽകിയെന്നും പരിപാടിയെ 'അതിന്റെ  സാരാംശത്തിൽ' യുഎസ്എ, കാനഡ, ഓസ്ട്രേലിയ, മറ്റ് ആംഗ്ലോ-സാക്സൺ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് അനുയോജ്യമായ രേഖ. എന്നരീതിയിൽ സ്ഥിരീകരിക്കുന്നു.
സ്വയം നിർണ്ണയാവകാശത്തിന്റെ  അടിസ്ഥാനത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ജനങ്ങളുടെ സ്വതന്ത്ര കൂട്ടായ്മയ്ക്കുള്ള നിർദ്ദേശം അദ്ദേഹം രൂപീകരിച്ചു.. പൊതുതെരഞ്ഞെടുപ്പിൽ ലേബർ പാർട്ടിയുമായി ബന്ധപ്പെട്ട് സിപിജിബിയുടെ തിരഞ്ഞെടുപ്പ് തന്ത്രങ്ങൾക്ക് സ്റ്റാലിൻ തന്റെ സമ്മതവും പിന്തുണയും നൽകി. ഈ ചോദ്യങ്ങളിലെല്ലാം സിപിജിബിയുടെ നിലപാടുകൾ വിവാദപരവും സ്റ്റാലിന്റെ നിലപാടുകൾ അദ്ദേഹത്തിന്റെ അനുപമായ ചിന്തയുടെ ലക്ഷണവുമാണ്., അതിനാൽ അദ്ദേഹത്തിന്റെ  നിർദ്ദേശങ്ങളും നിരീക്ഷണങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സൂക്ഷ്മപരിശോധനയ്ക്കായി പൊതുമണ്ഡലത്തിൽ ലഭ്യമാക്കുന്നത് വിലമതിക്കാനാവാത്ത ഒരു കാര്യമാണ്.

സിപിഎസ്‌യുവിന്റെ ഇരുപതാം പാർട്ടി കോൺഗ്രസിലും സിപിസിയുടെ എട്ടാം പാർട്ടി കോൺഗ്രസിലും പറഞ്ഞ 'മാർക്കറ്റ് സോഷ്യലിസത്തിലേക്കും' റിവിഷനിസത്തിലേക്കും തിരിഞ്ഞത് ജനകീയ ജനാധിപത്യത്തിനും അന്താരാഷ്ട്ര കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും ചുറ്റും പ്രതിധ്വനിച്ചു. സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് പാതയുടെ സമൂലമായ പുനർനിർമ്മാണത്തിന് അത് കാരണമായി. പരിപാടിയുടെ ഒരു പുതിയ കരട് തയ്യാറാക്കുന്നതിനായി ഒരു കമ്മീഷൻ രൂപീകരിക്കുകയും പാർട്ടി സംഘടനകളിൽ നിന്നുള്ള 1,500 ഭേദഗതികൾക്കൊപ്പം 1957-ൽ പാർട്ടി കോൺഗ്രസിൽ ഒരു പരിഷ്കരിച്ച പാഠം സമർപ്പിക്കുകയും ചെയ്തു. 1958 ജനുവരിയി ൽ സിപിബിജിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ആ അന്തിമ പാഠം അംഗീകരിച്ചു. ബ്രിട്ടനിലെ സോഷ്യലിസത്തിലേക്കുള്ള പാതയായ പീപ്പിൾസ് ഡെമോക്രസി എന്ന മുമ്പുണ്ടായിരുന്ന പരാമർശം പുതിയ പരിപാടിയിൽ ഉപേക്ഷിച്ചു.



പാർലമെന്റിനെ ഉപയോഗപ്പെടുത്തേണ്ടതുണ്ടെന്ന ധാരണ അത് നിലനിർത്തി, എന്നാൽ യഥാർത്ഥ പരിപാടിയുടെ ഭാഗം ലളിതമാകാകുകയും അതിനോടൊപ്പം അവരുടെ സ്വത്തും ലാഭം നഷ്ടപ്പെടുത്തുന്ന നടപടികളോടുള്ള വൻകിട മുതലാളിമാരുടെ ചെറുത്തുനിൽപ്പിന്റെ അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്തു. 'സായുധ സംഘട്ടനങ്ങളില്ലാതെ സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം ഇന്ന് പല രാജ്യങ്ങളിലും സാധ്യമാണ്' എന്ന് വാദിക്കുന്ന പുതിയ ഉപവാക്യങ്ങൾ ഉൾപ്പെടുത്തി, 'ബ്രിട്ടീഷ് തൊഴിലാളികളുടെ പോരാട്ട ശേഷിയും അനുഭവസമ്പത്തും ഉൾക്കൊള്ളുന്ന ശക്തമായ ലേബർ പ്രസ്ഥാനം' നമ്മുടെ രാജ്യത്തെ സംബന്ധിച്ച് പ്രത്യേകിച്ചും സത്യമാണെന്നു പറഞ്ഞുകൊണ്ട് സമരത്തിന്റെ, ജനാധിപത്യ സ്ഥാപനങ്ങളുടെ ശക്തമായ പാരമ്പര്യമുള്ളിടത്ത്.' സോഷ്യലിസത്തിലേക്കുള്ള സമാധാനപരമായ പാത എന്ന ആശയം ഇതിലൂടെ അംഗീകരിക്കപ്പെട്ടു. CPSU യുടെ ഇരുപതാം കോൺഗ്രസിന് അനുസൃതമായി, കൗട്സ്കി രചിച്ച 'ഡീകോളനിവൽക്കരണ' കോളനിതത്വമാത്ര നിരാസ ,സിദ്ധാന്തം പ്രോഗ്രാമായി അംഗീകരിച്ചു, അതിന്റെ കീഴിൽ ഇന്ത്യ പോലുള്ള കൊളോണിയൽ രാജ്യങ്ങൾ മെട്രോപൊളിറ്റൻ ഫിനാൻസ് മൂലധനത്തിന്റെ സ്വാധീനം ഉന്മൂലനം ചെയ്യാതെ തന്നെ സ്വതന്ത്രമായിത്തീർന്നതായി കണക്കാക്കപ്പെട്ടു.

ആ പ്രമേയം എല്ലാ വിധേയരായ ജനങ്ങളുടെയും സ്വയം നിർണ്ണയാവകാശം നിലനിർത്തി (ഇത് മൂന്ന് വർഷം മുമ്പ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ നിരസിച്ചിരുന്നു) എന്നാൽ മുൻ സാമ്രാജ്യത്തിലെ ജനങ്ങളുടെ ഒരു സ്വതന്ത്ര കൂട്ടായ്മ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നീക്കം ചെയ്യപ്പെട്ടു.

പീപ്പിൾസ് ഡെമോക്രസിയിലേക്കും സോഷ്യലിസത്തിലേക്കുമുള്ള പാതയിൽ പാർലമെന്ററ്റിന്റെ ഉപയോഗത്തെക്കുറിച്ച് ആദ്യം പറഞ്ഞിരുന്ന 1951-ലെ ബ്രിട്ടീഷ് റോഡ് സോഷ്യലിസത്തിലേക്കുള്ള വഴി ഇപ്പോൾ 1958-ൽ സായുധ പോരാട്ടങ്ങളില്ലാത്ത സോഷ്യലിസത്തിലേക്കുള്ള ഒരു പാർലമെന്ററി പാതയായി രൂപാന്തരപ്പെട്ടു.

1960-കളിൽ സിപിഎസ്‌യുവും അതിന്റെ സഖ്യകക്ഷികളും പാർട്ടി ഓഫ് ലേബർ ഓഫ് അൽബേനിയയും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ചൈനയും തമ്മിൽ ഉടലെടുത്ത വാദപ്രതിവാദങ്ങളിൽ സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് പാതയിൽ റിവിഷനിസത്തിന്റെപയനിയർ വിമർശകർ ഉൾക്കൊള്ളിച്ച പ്രബന്ധങ്ങൾ വിശകലനത്തിനും ചർച്ചയ്ക്കും പാത്രമായി. ബ്രിട്ടനിൽ, ആധുനികമായ റിവിഷനിസത്തെ പരാജയപ്പെടുത്താനായി,,1963 നവംബറിൽ കമ്മ്യൂണിസ്റ്റ് ഐക്യത്തിനായി കൂപംകൊണ്ട് കമ്മിറ്റിയുടെ തലവനായ മൈക്കൽ മക്ക്രീറി ആയിരുന്നു അതിൽ പ്രധാനി. 1963 നവംബറിൽ അതിന്റെ,CDRCU രൂപീകരണം മുതൽ, 1965 ഏപ്രിലിൽ ക്യാൻസർ ബാധിച്ച് 36-ാം വയസ്സിൽ മരിക്കുന്നതുവരെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രസ്ഥാനത്തിന്റെ വികാസത്തിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു. ഇന്ത്യയുൾപ്പെടെ നിരവധി രാജ്യങ്ങളിൽ അതിന്റെ പ്രസിദ്ധീകരങ്ങൾ വിൽപ്പനയ്ക്കെത്തുന്ന തരത്തിൽ അതിന് അന്താരാഷ്ട്ര സാന്നിധ്യമുണ്ടായിരുന്നു.



1951-ലെയും 1958-ലെയും ബ്രിട്ടീഷ് റോഡ് ടു സോഷ്യലിസത്തിന്റെ സമൂലമായി വ്യത്യസ്തമായ രണ്ട് പതിപ്പുകൾ രചയിതാവ് വേർതിരിക്കുന്നില്ലെന്ന് മക്ക്രീറി രണ്ട് ലേഖനങ്ങളായി എഴുതിയ ദി ബ്രിട്ടീഷ് റോഡ് ടു സോഷ്യലിസം, ദി വേ ഫോർവേഡ് എന്നിവയുടെ പുനർവായന സൂചിപ്പിക്കുന്നു. ലെനിനിസ്സത്തിനു ശേഷമുള്ള കാലഘട്ടത്തിലെ സംഭവങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സൈദ്ധാന്തിക സംഗ്രഹവും മാത്രമായി മക്ക്രീറി തന്റെ 1958 ലെ പ്രോഗ്രാമിന്റെ വിമർശനത്തെ ചുരുക്കി. ദിമിത്രോവ്, സ്റ്റാലിൻ എന്നിവരുടെ പേരുകളും പീപ്പിൾസ് ഡെമോക്രസിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മുൻനിര കമ്മ്യൂണിസ്റ്റുകാരുടെ വീക്ഷണങ്ങൾ അദ്ദേഹത്തിന്റെ രചനകളുടെ ശേഖരത്തിൽ ഉൾക്കൊള്ളിച്ചിരുന്നില്ല എന്നത് ശ്രദ്ധേയമാണ്. സോഷ്യലിസത്തിലേക്കുള്ള മാറ്റത്തിന്റെ പ്രധാന നിയമനിർമ്മാണ നടപടികൾ നടപ്പിലാക്കുന്ന ജനഹിതത്തിന്റെ

ഫലപ്രദമായ ഉപകരണമാക്കി പാർലമെന്റിനെ 'സായുധ സംഘട്ടനമില്ലാതെ' ബ്രിട്ടനിൽ സോഷ്യലിസം കെട്ടിപ്പടുക്കാൻ സാധിക്കും മാറ്റാൻ കഴിയുമെന്ന് 1951-ൽ ഇല്ലാതിരുന്നതും 1958-ൽ മുന്നോട്ടുവച്ചതുമായ നിർദ്ദേശങ്ങളെ മക്ക്രീറി വിമർശിച്ചു.. തൊഴിലാളിവർഗ്ഗത്തിന്റെ സ്വേച്ഛാധിപത്യം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും നിലവിലുള്ള ഭരണകൂട ഘടനയെ തകർക്കുകയും നശിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്ന ലെനിന്റെ രചനകളെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം തന്റെ വിമർശനങ്ങൾ നടത്തിയത്. കൂടാതെ, സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ ബലപ്പെടുത്തലുകളും സാമ്രാജ്യത്വത്തിന്റെ 'ദുർബലതയും' കാരണം, ബ്രിട്ടനിൽ സായുധ പോരാട്ടം കൂടാതെ സോഷ്യലിസത്തിലേക്കുള്ള ഒരു പരിവർത്തനം സാധ്യമാകുമെന്ന് ജെയിംസ് ക്ലഗ്മാനെപ്പോലുള്ള സിപിജിബി നേതാക്കൾ പ്രവചിച്ച വീക്ഷണങ്ങളുടെ വ്യാജം അദ്ദേഹം മനസ്സിലാക്കി.

1954-58 കാലഘട്ടത്തിൽ സോവിയറ്റ് യൂണിയനിൽ സോഷ്യലിസം ശക്തിപ്പെടുത്തുന്നതിന് പകരം സർക്കാർ മേഖലയിൽ ഉൽപ്പാദന ഉപാധികൾ ചരക്കുകളായി പ്രചരിക്കാൻ തുടങ്ങി, തൊഴിൽ ശക്തി അതിലൂടെ ഒരു ചരക്കായി മാറുകയും ലാഭം കാര്യക്ഷമതയുടെ മാനദണ്ഡമായി മാറുകയും ചെയ്തുവെന്ന് നമുക്കറിയാം.; വികസിത സോഷ്യലിസവും കമ്മ്യൂണിസവും കെട്ടിപ്പടുക്കുന്നതിനുള്ള സംരംഭങ്ങളുടെ നിർദ്ദേശ ആസൂത്രണത്തിന് പകരം ഒരു കമ്പോള സമ്പദ്‌വ്യവസ്ഥ സ്ഥാപിക്കുന്നതിന് 'കോ-ഓർഡിനേറ്റഡ് പ്ലാനിംഗ്' കൊണ്ടുവന്നു.



ദുർബ്ബലമാകുന്നതിനു പകരം സാമ്രാജ്യത്വം ശക്തിയിൽ നിന്ന് ശക്തിയിലേക്ക് നീങ്ങുകയും ആത്യന്തികമായി സോഷ്യലിസത്തിന്റേയും ജനാധിപത്യത്തിന്റേയും പാളയത്തെ നശിപ്പിക്കുകയും ചെയ്തു. സോഷ്യലിസത്തിലേക്കുള്ള 1958-ലെ ബ്രിട്ടീഷ് റോഡിനെക്കുറിച്ചുള്ള മക്ക്രീറിയുടെ വിമർശനങ്ങൾ അടിസ്ഥാനപരമായി ശരിയായിരുന്നു. എന്നിരുന്നാലും, 1958-ലെ പരിപാടിയുടെ ആശയങ്ങൾ ഉൾക്കൊള്ളുന്ന 1951-ലെ അടിസ്ഥാനമായ പരിപാടിയെ വിലയിരുത്തുമ്പോൾ അതുയർത്തുന്ന പ്രശ്നങ്ങളിലേക്ക് അദ്ദേഹത്തിനു പ്രവേശിക്കാൻ കഴിഞ്ഞില്ല.

ബ്രിട്ടീഷ് റോഡ് ടു സോഷ്യലിസത്തിന്റെ 1951-ലെ യഥാർത്ഥ പതിപ്പ് ബ്രിട്ടനിൽ പീപ്പിൾസ് ഡെമോക്രസി സ്ഥാപിക്കുന്നതിനുള്ള ഒരു

പരിപാടിയുടെ അവിഭാജ്യ ഘടകമാണെന്ന് അദ്ദേഹത്തിന് അറിയില്ലായിരുന്നു.

xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

1951-ലെ സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് റോഡ്:"പീപ്പിൾസ് ഡെമോക്രസിയുടെ ഒരു പരിപാടി"-വിജയ് സിംഗ്

ഗ്രന്ഥസൂചിക;ഉദ്ധരണികൾ  ക്രമത്തിൽ  സ്വീകരിച്ചിരിക്കുന്നത് താഴെപ്പറയുന്ന  സ്ലിഡ്ഢീകരണങ്ങളിൽ  നിന്നാണ്.
സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് റോഡ്, 1951 ജനുവരിയിൽ ലണ്ടനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച പരിപാടി. (പുതുക്കിയ പതിപ്പ് ഏപ്രിൽ 1952, രണ്ടാമത്തെ പുതുക്കിയ പതിപ്പ് ഫെബ്രുവരി 1958, മൂന്നാം പുതുക്കിയ പതിപ്പ് ഒക്ടോബർ 1968).
കിഴക്കൻ രാജ്യങ്ങളിലെ പീപ്പിൾസ് ഡെമോക്രസിയുടെ സ്വഭാവവും പ്രത്യേക സവിശേഷതകളും, സോവിയറ്റ് യൂണിയന്റെ  അക്കാദമി ഓഫ് സയൻസസിന്റെ  ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ സ്റ്റഡീസ്, 1951, റെവല്യൂഷണറി ഡെമോക്രസി, വാല്യം. വി, നമ്പർ 2, സെപ്റ്റംബർ 1999.
കമ്മ്യൂണിസ്റ്റ് പാർട്ടിയും പാർലമെന്റും, 1984-ലെ കമ്യൂണിസ്റ്റ് ഇന്റർ നാഷലിന്റെ  രണ്ടാം കോൺഗ്രസ്, 1920 ആഗസ്റ്റ്, കംഗർ പ്രകാശൻ, ഡൽഹി, 1984-ൽ അംഗീകരിച്ച പ്രബന്ധങ്ങൾ.
വില്യം ഇസഡ്. ഫോസ്റ്റർ, സോവിയറ്റ് അമേരിക്കയിലേക്ക്, ന്യൂയോർക്ക്, 1932.



വില്യം ഇസഡ്. ഫോസ്റ്റർ, ദ ന്യൂ യൂറോപ്പ്, ഇന്റർനാഷണൽ പബ്ലിഷേഴ്സ്, ന്യൂയോർക്ക്, 1947.
അസോസിയേറ്റഡ് പ്രസിന്റെ  കറസ്പോണ്ടന്റ് ശ്രീ. വാങ് കുങ്-താഹിന് മാവോ ത്സെ-തുങ് നൽകിയ അഭിമുഖം, ഫെബ്രുവരി, 1938, റെവല്യൂഷണറി ഡെമോക്രസി, വാല്യം. XI, നമ്പർ 2, സെപ്റ്റംബർ 2005.
എഡ്വാർഡ് കർഡെൽജ്, പീപ്പിൾസ് ഡെമോക്രസിയുടെ രാഷ്ട്രീയ ഉള്ളടക്കം, എഫ്.പി.ആർ. എംബസി. യുഗോസ്ലാവിയയുടെ ഇൻഫർമേഷൻ ഓഫീസ്, ലണ്ടൻ, 7 ജൂൺ 1949.
1936 ഡിസംബർ 21-ന് വോറോഷിലോവ്, മൊളോടോവ്, സ്റ്റാലിൻ, ന്യൂയോർക്ക് ടൈംസ്, ജൂൺ 4, 1939, പേജ്. 43.
സോവിയറ്റ് ബ്രിട്ടനെ സംബന്ധിച്ചിടത്തോളം, 1935 ഫെബ്രുവരി 2-ന് നടന്ന XIII കോൺഗ്രസിൽ CPGB അംഗീകരിച്ചത്, 1995-ൽ ലണ്ടനിലെ കമ്മ്യൂണിസ്റ്റ് ആക്ഷൻ ഗ്രൂപ്പ് പുനഃപ്രസിദ്ധീകരിച്ചത്.

ജോർജ്ജ് മാത്യൂസ്, സ്റ്റാലിന്റെ ബ്രിട്ടീഷ് റോഡ്? മാറ്റങ്ങൾ സപ്ലിമെന്റ് , 14-27 സെപ്റ്റംബർ 1991, പേജ്.1-3.
മൈക്കൽ മക്ക്രീറി, ദി വേ ഫോർവേഡ്, കമ്മ്യൂണിസ്റ്റ് ഐക്യത്തിനായുള്ള റിവിഷനിസത്തെ പരാജയപ്പെടുത്തുന്നതിനുള്ള കമ്മിറ്റി, ലണ്ടൻ, 1964.
മൈക്കൽ മക്ക്രീറി, ദി വേ ഫോർവേഡ്, വർക്കിംഗ് പീപ്പിൾസ് പാർട്ടി ഓഫ് ഇംഗ്ലണ്ട്, ലണ്ടൻ, എൻ.ഡി.
കിഴക്കൻ യൂറോപ്പിലെയും ചൈനയിലെയും പീപ്പിൾസ് ഡെമോക്രസിയെക്കുറിച്ച്, ലേഖനങ്ങളുടെയും പ്രസംഗങ്ങളുടെയും ഒരു നിര, ഹിലാരി മിങ്ക്, ജോർജി ദിമിത്രോവ്, ബോലെസ്ലാവ് ബിയറൂട്ട്, മത്യാസ് റക്കോസി, യു ഹുവായ്, ലണ്ടൻ, 1951.
പീപ്പിൾസ് ഡെമോക്രസി ഇൻ ചൈന, കോമിൻഫോം ജേണലിൽ നിന്നുള്ള എഡിറ്റോറിയലുകൾ, പ്രാവ്ദ, പീപ്പിൾസ് പബ്ലിഷിംഗ് ഹൗസ്, ബോംബെ, 1950.
ബെർട്ട് റാമൽസൺ, പോളിറ്റ് സ്റ്റാലിന്റെ പൂഡിൽ ആയിരുന്നില്ല!, 12-25 ഒക്ടോബർ 1991, മാറ്റങ്ങൾ, പേജ്.5.
സി.സി.യുടെ പ്രതിനിധികളുമായി ജെ.വി.സ്റ്റാലിൻ നടത്തിയ ചർച്ചകളുടെ രേഖ. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ സഖാക്കളായ റാവു, ഡാങ്കെ, ഘോഷ്, പുന്നയ്യ എന്നിവർ 1951 ഫെബ്രുവരി 9-ന്, റവല്യൂഷണറി ഡെമോക്രസി, വാല്യം. XII, നമ്പർ 2, സെപ്റ്റംബർ, 2006, പേജ് 183-200.
എ.ഐ. സോബോലെവ്, സമൂഹത്തിന്റെ രാഷ്ട്രീയ സംഘടനയുടെ ഒരു രൂപമായി പീപ്പിൾസ് ഡെമോക്രസി, കമ്മ്യൂണിസ്റ്റ് റിവ്യൂ, ലണ്ടൻ, ജൂൺ 1951, പേജ്.3-21.
എ.ഐ. സോബോലെവ്, പീപ്പിൾസ് ഡെമോക്രസി, എ ന്യൂ ഫോം പൊളിറ്റിക്കൽ ഓർഗനൈസേഷൻ ഓഫ് സൊസൈറ്റി, ഫോറിൻ ലാംഗ്വേജസ് പബ്ലിഷിംഗ് ഹൗസ്, മോസ്കോ, 1954.
എ.ഐ. സോബോലെവ്, മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള ചില രൂപാന്തരങ്ങൾ, അജോയ് ഘോഷിന്റെ ആമുഖത്തോടെ, കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസിദ്ധീകരണം, ന്യൂഡൽഹി, 1956.
P. F. Yudin, Evropeiskie strany narodnoi demokratii na Putakh k sotsializmu, മോസ്കോ, 1950.
സെപ്റ്റംബർ 2003.

*(Malayalam Translation: Narayanan Potti)*